തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഓട്ടോമൊബൈൽ വർക്ക്ഷാപ്പ് തൊഴിലാളികൾക്ക് സ്വന്തമായി ഒരു ക്ഷേമനിധി അപ്രായോഗികമാണ്. ഒന്ന് ഇതിന്റെ ചെലവും ഇതിൽ നിന്നും കിട്ടുന്ന വരുമാനവും. സർക്കാർ ഇതിന്റെ ഒരു ഷെയർ കൊടുത്താൽ തന്നെയും പ്രായോഗികമായി അവർക്ക് മാത്രമായി ഒരു ക്ഷേമനിധി നിലനിർത്തുക പ്രയാസമാണ്. അതുകൊണ്ട് ഇപ്പോഴുള്ള ക്ഷേമനിധിക്കകത്ത് അവർക്കു വേണ്ടി ഒരു പ്രത്യേകമായ സ്കീമായിട്ട് ഇത് നടപ്പാക്കാവുന്നതാണ്. വർക്ക്ഷാപ്പ് തൊഴിലാളികളുമായിട്ടും അവരുടെ സംഘടനകളുമായിട്ടും എല്ലാം വിശദമായ ചർച്ചകൾ നടത്തി. ഈ സ്കീം അനുസരിച്ച് ഇപ്പോൾ നിലവിലുള്ള തൊഴിലാളി ക്ഷേമനിധി ബോർഡിൽത്തന്നെ ഓട്ടോറിക്ഷ തൊഴിലാളികളുടെ ഒരു പ്രത്യേക സ്കീം ഉണ്ട്. അതുപോലെ വേറെ ഒരു സ്കീമിലും ഇവർക്ക് വരാൻ കഴിയും. ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ്സ് എന്ന വിഭാഗത്തിൽ ഒരു ക്ഷേമനിധി പ്രത്യേകമായിട്ടുണ്ട്. അതിൽ 10 ലക്ഷത്തിലധികം തൊഴിലാളികൾ വരുന്നുണ്ട്. കടകളിലും മറ്റ് അനുബന്ധസ്ഥാപനങ്ങളിലും പണിയെടുക്കുന്നവർക്കുള്ളതാണ് ആ ക്ഷേമനിധി. ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് എന്നു പറയുന്നത് എസ്റ്റാബ്ലിഷ്മെന്റ് എന്ന് പറയുന്ന കൂട്ടത്തിൽ വേണമെങ്കിൽ ഈ വർക്ക്ഷാപ്പുകളെ ഉൾപ്പെടുത്താം. അത് ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ വരുന്നതാണ്. വ്യവസായവുമായി ബന്ധപ്പെട്ടു കിടക്കുന്നത് ആയതുകൊണ്ട് അതിൽ വരുന്നതാണ് നല്ലത് എന്നുള്ളതുകൊണ്ടാണ് അതിന്റെ ഒരു സ്കീം തയ്യാറാക്കിയത്. ഇപ്പോൾ അഡ്വാൻസ് സ്റ്റേജിലാണ്. ഈ സഭ കഴിഞ്ഞാൽപോലും ഓർഡിനൻസായി കൊണ്ടുവരാം എന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ബഹുമാന്യനായ മന്ത്രി നൽകിയിരിക്കുന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ അതിനുവേണ്ടി പ്രത്യേകമായ ഒരു സ്കീം തയ്യാറാക്കുമെന്നും വിശദമായ ചർച്ച നടത്തുമെന്നും അതു സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കും എന്നും പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഞാൻ എന്റെ പ്രമേയം പിൻവലിക്കുന്നു.

മി. ഡെ. സ്പീക്കർ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

7. 2002-ലെ കേരള സ്വകാര്യ സെക്യൂരിറ്റി തൊഴിലാളി ക്ഷേമനിധി ബിൽ

(ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്ന അംഗം ശ്രീമതി ശോഭനാ ജോർജ് സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly